**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 535** **28-06-2022 - ൽ മറുപടിയ്ക്ക്**

**കായംകുളം സബ്ട്രഷറിക്ക് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ ആവശ്യങ്ങൾക്കായി കായംകുളം സബ്ട്രഷറിയിൽ എത്തുന്നവർക്കും ജീവനക്കാർക്കും ഇവിടുത്തെ സ്ഥലപരിമിതി മൂലം ഏറെ ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവിടെ സ്ഥല പരിമിതി മൂലം പെൻഷൻകാരും ജീവനക്കാരും വളരെ ബുദ്ധിമുട്ടുന്ന അവസ്ഥ നിലവിലുണ്ട്. |
| (ബി) | എങ്കിൽ ഇവിടെ ആധുനിക സൗകര്യങ്ങളോട് കൂടിയ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | കായംകുളം സബ് ട്രഷറിക്ക് ഇപ്പോഴുള്ള ട്രഷറി കെട്ടിടം നിൽക്കുന്ന 12 സെന്റ് സ്ഥലത്തിനോട് ചേർന്നു കിടക്കുന്ന കായംകുളം മുൻസിഫ് കോടതിയുടെ കൈവശമുള്ള 10 സെന്റ് സ്ഥലം കൂടി കൈമാറികിട്ടുന്നതിനുള്ള അനുമതി ലഭ്യമാകുകയും പ്രസ്തുത സ്ഥലം കാർത്തികപ്പള്ളി താലൂക്ക് സർവ്വെയർ 18/06/2022 -ൽ അളന്ന് തിട്ടപ്പെടുത്തി നൽകിയിട്ടുമുണ്ട്.<br><br>സ്ഥലം കൈമാറി കിട്ടുന്ന മുറയ്ക്ക് കായംകുളം സബ് ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ